# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1848** **04.05.2017-ൽ മറുപടിയ്ക്ക്**

**ലോട്ടറി ടിക്കറ്റുകളുടെ സമ്മാനഘടന**

| ചോദ്യം<br>ശ്രീ.മുരളി പെരുനെല്ലി | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ച പുതിയ ലോട്ടറികൾ ഏതെല്ലാമാണ്; | (എ) | ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം 23-08-2016-ലെ ജി.ഒ. (എം.എസ്.) നം.85/2016/റ്റി.ഡി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നിർമ്മൽ എന്ന പേരിൽ 100/- രൂപ മുഖവിലയുള്ള ഒരു ബൈവീക്കിലി ലോട്ടറി ആരംഭിച്ചിരുന്നു. 21-04-2017-ലെ ഭാഗ്യനിധി 286-ാമത് നറുക്കെടുപ്പ് മുതൽ പ്രസ്തുത ഭാഗ്യക്കുറി റദ്ദ് ചെയ്ത് പകരം നിർമ്മൽ ദ്വൈവാര ഭാഗ്യക്കുറിയെ പ്രതിവാര ഭാഗ്യക്കുറിയാക്കി വെള്ളിയാഴ്ചകളിൽ നറുക്കെടുപ്പ് നടത്തുന്നതിന് ഉത്തരവായിട്ടുണ്ട്. |
| (ബി) | ഏതെല്ലാം ലോട്ടറി ടിക്കറ്റുകളുടെ നിരക്ക്,സമ്മാനഘടന എന്നിവ പരിഷ്കരിക്കുകയുണ്ടായി; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | ഈ സർക്കാർ അധികാരത്തിലെത്തിയശേഷം ഭാഗ്യനിധി, പൗർണ്ണമി, വിൻവിൻ എന്നീ ലോട്ടറികളുടെ സമ്മാനഘടനകൾ 2016 നവംബർ മാസത്തെ നറുക്കെടുപ്പ് മുതൽ പ്രാബല്യത്തിൽ വരുത്തി പരിഷ്കരിച്ചിരുന്നു.<br><br>ഈ സർക്കാർ അധികാരത്തിലേറിയശേഷം ആരംഭിച്ച 100/- രൂപ മുഖവിലയുള്ള നിർമ്മൽ ബൈവീക്കിലി ലോട്ടറിയുടെ, 03-02-2017-ന് നറുക്കെടുത്ത നിർമ്മൽ 9-ാമത് ഭാഗ്യക്കുറി മുതൽ മുഖവില 50/- രൂപയാക്കി കുറച്ചുകൊണ്ട് സമ്മാനഘടന പരിഷ്കരിച്ചിരുന്നു. 21-04-2017-ലെ ഭാഗ്യനിധി 286-ാമത് നറുക്കെടുപ്പ് മുതൽ പ്രസ്തുത ഭാഗ്യക്കുറി റദ്ദ് ചെയ്തുകൊണ്ടും ഭാഗ്യനിധിക്ക് പകരമായി നിർമ്മൽ ദ്വൈവാര ഭാഗ്യക്കുറിയെ നിലവിലുള്ള മുഖവിലയോടും (50/- രൂപ) സമ്മാനഘടനയോടും കൂടി പ്രതിവാര ഭാഗ്യക്കുറിയാക്കി മാറ്റി 21-04-2017-ന് നിർമ്മൽ 14-ാമത് നറുക്കെടുപ്പ് മുതൽ വെള്ളിയാഴ്ചകളിൽ നറുക്കെടുപ്പ് നടത്തുന്നതിന് അനുമതി നൽകിക്കൊണ്ട് 25-03-2017-ലെ സ.ഉ. (സാധാ) 237/2017/നി.വ. പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | നിലവിലുള്ള ലോട്ടറി ടിക്കറ്റുകളുടെ നിരക്ക്,സമ്മാന ഘടന എന്നിവ പരിഷ്കരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാമാണ്? | (സി) | 50/- രൂപ മുഖവിലയുള്ള കാരുണ്യ, കാരുണ്യപ്ലസ്, സ്ത്രീശക്തി, നിർമ്മൽ എന്നീ ഭാഗ്യക്കുറികളുടെ മുഖവില 30/- രൂപയാക്കി കുറച്ചുകൊണ്ടും സമ്മാന ശതമാനത്തിലും സമ്മാനങ്ങളുടെ എണ്ണത്തിലും വർദ്ധനവ് വരുത്തിയും ഭാഗ്യക്കുറി ഏജന്റുമാർക്ക് മൂന്ന് സ്ലാബുകളിലായി ഡിസ്കൗണ്ട് നൽകിക്കൊണ്ടും (2000 ടിക്കറ്റുകൾ വരെ 26%, 2001 മുതൽ 10000 ടിക്കറ്റുകൾ വരെ 27%, 10000-ന് മുകളിൽ 28%) എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടെയും (പൗർണ്ണമി, വിൻവിൻ, സ്ത്രീശക്തി, അക്ഷയ, കാരുണ്യപ്ലസ്, നിർമ്മൽ, കാരുണ്യ) സമ്മാനഘടനകൾ 2017 ജൂൺ ആദ്യവാരത്തെ നറുക്കെടുപ്പ് മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം പരിഷ്കരിക്കുന്ന കാര്യം പരിഗണനയിലുണ്ട്. 10 പരമ്പരകളിലായി പരമാവധി 90 ലക്ഷം ടിക്കറ്റുകൾ അച്ചടിക്കത്തക്ക വിധത്തിലാണ് എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടെയും സമ്മാനഘടനകൾ പരിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നത്. |

**സെക്ഷൻ ഓഫീസർ.**